## ചാർപ്പ റെയിഞ്ച്

(3) ഫോറസ്റ്റ് സ്റ്റേഷന്റെ പേര് : കണ്ണൻകുഴി

ആസ്ഥാനം : വാഴച്ചാൽ

<u>വടക്ക്:</u> പഴയ കൊച്ചിൻ ട്രാംവേ ലൈൻ കണ്ണൻകുഴി തോടുമായി ചേരുന്ന ഭാഗത്ത് കോതാർ മുടിയിൽ ആരംഭിച്ച് ട്രാംവേ ലൈനിലൂടെ കിഴക്കോട്ട് കാരപ്പാറ പുഴ മുതുവരച്ചാലിൽ ട്രാംവേ ലൈനുമായി ചേരുന്ന ഭാഗം വരെ. അവിടെ നിന്നും മുതുവരച്ചാൽ പുഴ വഴി വാഴച്ചാൽ-പറമ്പിക്കുളം റോഡ് മുതുവരച്ചാൽ പുഴ മുറിച്ചു കടക്കുന്ന ഇടം വരെ .

<u>കിഴക്ക്:</u> വാഴച്ചാൽ-പറമ്പിക്കുളം റോഡ് മുതുവരച്ചാൽ പുഴ മുറിച്ചു കടക്കുന്നയിടം മുതൽ പ്രസ്തുത റോഡിലൂടെ ചാലക്കുടി-ആനമല റോഡുമായി സന്ധിക്കുന്നിടത്തെത്തി ചാലക്കുടി-ആനമല റോഡിലൂടെ വാഴച്ചാൽ പാലം വരെ.

<u>തെക്ക്:</u> ചാലക്കുടി പുഴയിൽ വാഴച്ചാൽ പാലംമുതൽ താഴേക്ക് ചാലക്കുടി പുഴ കണ്ണൻകുഴി തോടുമായി സന്ധിക്കുന്നയിടം വരെ.

<u>പടിഞ്ഞാറ്:</u> ചാലക്കുടി പുഴ കണ്ണൻകുഴി തോടുമായി ചേരുന്നിടത്തുനിന്നും കണ്ണൻകുഴി തോട്ടിലൂടെ വടക്കോട്ട് കണ്ണൻകുഴി തോട് ട്രാംവേ ലൈനുമായി സന്ധിക്കുന്ന കോതാർമുടി വരെ.